**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല - കോവിഡ്-19 ബാധിച്ച മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.2771/2022 /റവ.** **തിരുവനന്തപുരം, തീയതി, 24.06.2022**

=====================================================================

പരാമർശം:- 1.. 22.10.2021 തീയതിയിലെ സ.ഉ. (കൈ) നം. 203/2021/റവ.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 10.06.2022 തീയതിയിലെ LR/4401/2021-LR(H1) നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ്-19 ബാധിച്ച മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി ആദ്യസമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേയ്ക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതു പ്രകാരം മലപ്പുറം ജില്ലയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം താഴെ കൊടുത്തിരിക്കുന്ന രീതിയിൽ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

| **ജില്ല** | **എണ്ണം** | **തുക** |
|---|---|---|
| മലപ്പുറം | 312 | **15,60,000/-** |

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് **15,60,000/- രൂപ (പതിനഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **15,60,000/- രൂപ (പതിനഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)** *“2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)”* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിറാണി.കെ**

**ഡെപ്യൂട്ടി സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ